**പതിനാലാം കേരള നിയമസഭ**

ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1343**

**30.01.2018-ന് മറുപടിയ്ക്ക്**

**200 വർഷത്തിനു മുകളിൽ പഴക്കമുള്ള സ്ക്കൂളുകൾക്കായുള്ള പ്രത്യേക പദ്ധതി**

**ചോദ്യം**

ശ്രീ.ആർ. രാജേഷ്

**മറുപടി**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) 200 വർഷത്തിനുമുകളിൽ പഴക്കമുള്ള സ്ക്കൂളുകൾക്കായുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിലെ ഗവൺമെന്റ് ബോയ്സ് വി.എച്ച്.എസ്.എസ്, മാവേലിക്കര എൽ.പി.എസ് എന്നീ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവശ്യമായ അനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(എ) 200 വർഷത്തിനുമുകളിൽ പഴക്കമുള്ള സ്ക്കൂളുകൾക്കായുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് ബോയ്സ് വി.എച്ച്.എസ്.എസ്, മാവേലിക്കര എൽ.പി.എസ് എന്നീ വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതിന്റെ ഡി.പി.ആർ ലഭ്യമായിട്ടുണ്ടോ; അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇല്ല. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 200 വർഷം പഴക്കമുള്ള എത്ര സ്ക്കൂളുകൾ സംസ്ഥാനത്തുണ്ട്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(സി) വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ